# കേരള സർവകലാശാല

നം. പി.ആർ.135/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എസ്‌സി/ബി.കോം ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി. എസ്‌സി/ബി.കോം (സി.ബി.സി.എസ്)(2013,2014 അഡ്മിഷൻ) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 17. കരട് മാർക്ക്‌ലിസ്റ്റ് വെബ്സൈറ്റിൽ ലഭിക്കും.

## ടെക്നിക്കൽ ഓഫീസർ ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം സോഫിസ്റ്റിക്കേറ്റഡ് ഇൻസ്ട്രുമെന്റേഷൻ ആന്റ് കമ്പ്യൂട്ടേഷൻ സെന്ററിലേക്ക് (എസ്.ഐ.സി.സി) ടെക്നിക്കൽ ഓഫീസർ (പർച്ചേസ്) ഒഴിവിലേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാലയുടെ യു.ഐ.എം-കളിലേക്ക് കരാറടിസ്ഥാനത്തിൽ പ്രിൻസിപ്പാൾ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല ജൂൺ/ ജൂലൈ മാസത്തിൽ നടത്തുന്ന കാര്യവട്ടം യൂണിവേഴ്സിറ്റി എഞ്ചിനിയറിംഗ് കോളേജിലെ നാലാം സെമസ്റ്റർ ബി.ടെക് (2015 അഡ്മിഷൻ, 2013 സ്കീം) റഗുലർ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ഫിൽ പ്രവേശന പരീക്ഷ

കേരള സർവകലാശാലയിലെ വിവിധ പഠന വകുപ്പ്കളിലേയും യൂണിവേഴ്സിറ്റി കോളേജിലേയും എം.ഫിൽ അഡ്മിഷനുവേണ്ടിയുള്ള പ്രവേശന പരീക്ഷ ജൂലൈ എട്ടാം തീയതി മുതൽ 11-ാം തീയതി വരെ നടക്കുന്നതാണ്. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പ് 2016-17

കേരള സർവകലാശാല 2016-17 വർഷത്തെ യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. സർവകലാശാലയുടെ വിവിധ ഡിപ്പാർട്ട്മെന്റുകളിലും അഫിലിയേറ്റഡ് കോളേജുകളിലും 2016-17 വർഷം വിവിധ ബിരുദ/ ബിരുദാനന്തരബിരുദ (ബി.എ/ ബി.എസ്‌സി/

ബി.കോം/ബിബി.എ/ബി.സി.എ/എം.എ/ എം.എസ്സി/ എം.കോം/ എം.സി.ജെ/ എം.എസ്.ഡബ്ലിയു/ എം.ബി.എ/എം.എഡ്/ എൽ.എൽ.എം/എം.എ റഷ്യൻ & ജർമ്മൻ) കോഴ്സുകൾക്കും 2015-16 വർഷം എം.എൽ.ഐ.എസ്സി കോഴ്സിനും പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. കോളേജ്/ഡിപ്പാർട്ട്മെന്റ് മേധാവി വഴി നിശ്ചിത ഫോമിലുള്ള അപേക്ഷയും യോഗ്യത പരീക്ഷയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ലഭിക്കേണ്ട അവസാന തീയതി ജൂലൈ 15. വിശദവിവരങ്ങൾക്ക് (അപേക്ഷാഫോം, യൂണിവേഴ്സിറ്റി മെറിറ്റ് സ്കോളർഷിപ്പിനുള്ള നിയമാവലി) വെബ്സൈറ്റിൽ **(www.keralauniversity.ac.in)** ലഭിക്കും.

## <u>ബിരുദ പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് 21.06.2017-ന് രാവിലെ പ്രസിദ്ധീകരിച്ചു. 21.06.2017 രാവിലെ മുതൽ 23.06.2017 വൈകിട്ട് 5 മണി വരെ ഫീസ് അടയ്ക്കാം</u>

കേരള സർവകലാശാലയുടെ 2017-18 വർഷത്തെ ബിരൂദ പ്രവേശനത്തിനുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാം. ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കാത്തവരും എന്നാൽ രണ്ടാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയും ചെയ്ത അപേക്ഷകർ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത ശേഷം അഡ്മിഷൻ ഫീസ് അടയ്ക്കുവാനുള്ള ചെലാൻ പ്രിന്റൗട്ട് എടുത്ത് എസ്.ബി.ഐ യുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടയ്ക്കണം. ഒന്നാംഘട്ട അലോട്ട്മെന്റിൽ ഫീസ് അടച്ചവർ വീണ്ടും ഫീസ് അടക്കേണ്ടതില്ല. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1525/- രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 840/- രൂപയുമാണ്. ഫീസ് ബാങ്കിൽ അടച്ചുകഴിഞ്ഞാൽ ഇവർ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം (ജേർണൽ നമ്പർ) 23.06.2017 വൈകിട്ട് 5 മണിക്ക് മുൻപ് രേഖപ്പെടുത്തി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം യഥാസമയം ചേർക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകും. ഇങ്ങനെയുള്ളവരെ യാതൊരു കാരണവശാലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതല്ല. ഒന്ന്,രണ്ട്,മൂന്ന് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ചവർ മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ച ശേഷം മാത്രം കോളേജുകളിൽ അഡ്മിഷന് ഹാജരായാൽ മതിയാകും. രണ്ടാം ഘട്ട അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം വെബ്സൈറ്റിൽ ചേർത്തശേഷം ആവശ്യമെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ ജൂൺ 23-ാം തീയതി വൈകിട്ട് 5 മണി വരെ നീക്കം ചെയ്യാം. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത (മൂന്നാം) അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേക്ക് പരിഗണിക്കുന്നതും, ഇങ്ങനെയുള്ളവർ അലോട്ട്മെന്റ് ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

## <u>വനിതാ ഹോസ്റ്റൽ പ്രവേശനം: ഇപ്പോൾ അപേക്ഷിക്കാം</u>

കേരള സർവകലാശാലയുടെ കീഴിലുള്ള ഗവൺമെന്റ് കോളേജുകളിലെ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിനികൾക്ക് തൈക്കാടുള്ള സർവകലാശാല

വനിതാ ഹോസ്റ്റൽ പ്രവേശനത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിലും നിലവിലുള്ള ഹോസ്റ്റൽ നിയമങ്ങളും അനുസരിച്ചായിരിക്കും. ഈ അധ്യയന വർഷം മുതൽ ഹോസ്റ്റൽ പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളു. (www.hostel.keralauniversity.ac.in) എന്ന വെബ്സൈറ്റിലൂടെ അപേക്ഷകൾ സമർപ്പിക്കാം.

## പ്രാക്ടിക്കലും പ്രൊജക്റ്റ് വൈവയും

കേരള സർവകലാശാലയുടെ ആറാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്‌സി (2013-ന് മുമ്പുള്ള അഡ്മിഷൻ) വിദ്യാർത്ഥികളുടെ മാത്തമാറ്റിക്സ് പ്രാക്ടിക്കലും പ്രൊജക്റ്റ് വൈവയും യൂണിവേഴ്സിറ്റി കോളേജിൽ വച്ചും, കെമിസ്ട്രി പ്രാക്ടിക്കൽ ആൾസെയിന്റ്സ് കോളേജിൽ വച്ചും, സുവോളജി പ്രാക്ടിക്കലും പ്രോജക്റ്റ് വൈവയും കൊല്ലം ടി.കെ.എം കോളേജിൽ വച്ചും, ജൂൺ 22 മുതൽ നടത്തുന്നതാണ്. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ 2015-17 അദ്ധ്യയന വർഷത്തെ എം.എ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സാറ സക്കറിയ (ENG150511/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## എം.എസ്‌സി കെമിസ്ട്രി ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ എം.എസ്‌സി കെമിസ്ട്രി 2015-17 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. അമല വർഗീസ് (CHE150501/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## വായന ദിനാഘോഷവും മെറിറ്റ് ഡേയും ആചരിച്ചു

കേരള സർവകലാശാല ലൈബ്രറി സംഘടിപ്പിച്ച വായന ദിനാഘോഷവും മെറിറ്റ് ഡേയും പ്രൊ-വൈസ് ചാൻസലർ ഡോ. എൻ.വീരമണികണ്ഠൻ ഉത്ഘാടനം ചെയ്തു. ഡോ. എ. സമ്പത്ത് എം.പി മുഖ്യപ്രഭാഷണം നടത്തി സർവകലാശാല ലൈബ്രേറിയൻ-ഇൻ-ചാർജ് എം.ഹംസ അദ്ധ്യക്ഷനായിരുന്നു. സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. കെ.എച്ച് ബാബുജാൻ, കെ.എസ് ഗോപകുമാർ, യു.ജി.സി എമിററ്റസ് പ്രൊഫ. ഡോ. എം. ശാർങ്ഗധരൻ എന്നിവർ ആശംസാപ്രസംഗം നടത്തി. സർവകലാശാല ലൈബ്രറി അംഗങ്ങൾക്കായി നടത്തിയ വായന മത്സര ജേതാക്കൾക്കും ലൈബ്രറി അംഗങ്ങളിൽ സിവിൽ സർവീസ് പരീക്ഷാജേതാവ് എം. ശ്രീരാഗ്, ഗ്രാഡ്വേറ്റംഗം ആർ.കെ.ആർ നായർ, ഗവേഷകയും യു.എൻ അസംബ്ലിയെ അഭിസംബോധന ചെയ്യുകയും ചെയ്ത ലിസ്ബ യേശുദാസ്, ഗവേഷക രമ്യ രാജൻ എന്നിവർക്കുള്ള അവാർഡുകൾ പ്രൊ-വൈസ് ചാൻസലർ സമ്മാനിച്ചു. പ്രഫഷണൽ അവാർഡുകൾ നേടിയ ഡോ. പി.കെ സുരേഷ് കുമാർ, ഡോ. കെ. മെഹബൂബുള്ള, പി.എച്ച്.ഡി നേടിയ ഡോ. ദിലീപ്, ഡോ. സി സുരേഷ് കുമാർ, മികച്ച യുവ ലൈബ്രേറിയൻ ജിതിൻ കണ്ണാട് തുടങ്ങിയവർക്ക് ഡോ. എ. സമ്പത്ത് ഉപഹാരം വിതരണം ചെയ്തു. ലൈബ്രറി ജീവനക്കാരുടെ മക്കളിൽ മികച്ച ജേതാക്കൾക്കുള്ള ഉപഹാരങ്ങളും ചടങ്ങിൽ വിതരണം ചെയ്തു. ഡെപ

ഡ്യൂട്ടി ലൈബ്രേറിയൻ ടി.കെ സുജിത കുമാരി, ഡോ. ഐറിസ് കൊയ്‌ലോ, ഡോ. ടി. അജികുമാരി, ശ്രീവിദ്യ, റീന ജോസ് തുടങ്ങിയവരും ചടങ്ങിൽ സംസാരിച്ചു.

## യോഗ ദിനാചരണവും പ്രഭാഷണവും

അന്തർദേശീയ യോഗ ദിനാചരണത്തോടനുബന്ധിച്ച് സർവകലാശാല ലൈബ്രറിയിൽ യോഗ പരിശീലനവും പ്രഭാഷണവും സംഘടിപ്പിച്ചിരിക്കുന്നു. ജൂൺ 21 രാവിലെ 9.30-ന് ലൈബ്രറി ഹാളിൽ ഡോ. ജി. പത്മകുമാർ (പ്രൊഫ. ഇൻ ഫിലോസഫി) പ്രഭാഷണം നടത്തും. ഡോ. എച്ച് മജീദ് പരിശീലനത്തിന് നേതൃത്വം നൽകും.

## ബി.ടെക് ലാബ് പരീക്ഷകേന്ദ്രം

കേരള സർവകലാശാലയുടെ ആറാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) മെയ്/ ജൂൺ പരീക്ഷയുടെ ലാബ് പരീക്ഷകൾക്ക് ഓയൂർ ട്രാവൻകൂർ എഞ്ചിനിയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ വടക്കേവിള യൂനുസ് കോളേജിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക് തിരിച്ചറിയൽ രേഖയുമായി വടക്കേവിള യൂനുസ് കോളേജിൽ ബന്ധപ്പെടണം.
(തിരുവനന്തപുരം, കൊല്ലം എഡിഷനുകളിൽ പ്രസിദ്ധീകരിക്കാൻ വേണ്ടി)

തിരുവനന്തപുരം.
20.06.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ